നിർഭയ പത്രപ്രവർത്തനം നടത്തുന്ന പത്രസ്ഥാപനങ്ങളെ സംരക്ഷിക്കാൻ നടപടി

61 [5205] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇഷ്ടമല്ലാത്ത വാർത്തകൾ പ്രസിദ്ധീകരിച്ചു എന്നതിന്റെ പേരിൽ കഴിഞ്ഞ രണ്ടുവർഷകാലയളവിൽ കാസർകോഡ് ജില്ലയിൽ 'ലേറ്റസ്റ്റ്', 'ജന്മദേശം', 'കാരവൽ' എന്നീ പത്ര സ്ഥാപനങ്ങൾക്കും പത്രാധിപർക്കുമെതിരെ അതിക്രമങ്ങൾ നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്രസ്ഥാപനങ്ങൾക്കെതിരെ നിരന്തരമായി നടക്കുന്ന ഇത്തരം അതിക്രമങ്ങൾ അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നിർഭയ പത്രപ്രവർത്തനം നടത്തുന്ന പത്രസ്ഥാപനങ്ങളെ സംരക്ഷിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് അനുസൃതമായി സംരക്ഷണം നൽകി വരുന്നുണ്ട്.

മാധ്യമ പ്രവർത്തകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ പ്രതിയാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണം

62 [5206] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ പ്രതിയാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണം ഏതുഘട്ടത്തിലാണെന്ന് ഓരോ കേസും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാധ്യമപ്രവർത്തകരെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എവിടെവച്ചാണ് നടന്നതെന്നും എഫ്ഐ.ആർ. രജിസ്റ്റർ ചെയ്തത് എന്നാണെന്നും അവ കോടതിയിൽ അയച്ചത് എന്നാണെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാധ്യമപ്രവർത്തകരെ മർദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിലെ പ്രതികളായ എത്ര പോലീസുദ്യോഗസ്ഥൻമാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു എന്നും അവ ഏതൊക്കെ റാങ്കിലുള്ള ഉദ്യോഗസ്ഥരാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ഓരോരുത്തരും എത്ര ദിവസം കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇപ്രകാരം സസ്പെൻഷൻ കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥൻമാരിൽ ആരുടെയൊക്കെ പേരിൽ രജിസ്റ്റർ ചെയ്തിരുന്ന കേസുകൾ അന്വേഷണം പൂർത്തിയായി കോടതിക്ക് ഫൈനൽ റിപ്പോർട്ട് നൽകി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇപ്രകാരം മാധ്യമപ്രവർത്തകരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ഫൈനൽ റിപ്പോർട്ട്/ചാർജ്ജ് നൽകിയെന്നും എത്ര എണ്ണം റഫർ റിപ്പോർട്ട് നൽകി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പി. എസ്. ക്രൈം 163/02 നമ്പരായി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം പൂർത്തിയാക്കി റഫർ റിപ്പോർട്ട് 15-5-2002-ന് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ ചേവായൂർ പി.എസ്. ക്രൈം 74/03 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ബി) തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രൈം 163/02-ന്റെ എഫ്.ഐ.ആർ. 4-5-2002-ന് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസ് 15-5-2002-ന് റഫർ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. കോഴിക്കോട് സിറ്റിയിൽ ചേവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 18-3-2003-ന് നടന്ന സംഭവത്തിൽ 19-3-2003-ന് ക്രൈം 74/03 നമ്പരായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് അന്വേഷണാവസ്ഥയിലാണ്.

(സി) രണ്ട് ഹവിൽദാർമാരേയും നാല് കോൺസ്റ്റബിൾമാരേയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) ആരേയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല.

(ഇ) കേസ് അന്വേഷണാവസ്ഥയിലാണ്.

(എഫ്) തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ പരിധിയിൽ മ്യൂസിയം പി.എസ്. ക്രൈം 163/02 കേസ് 15-5-2003-ന് റഫർ റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

പത്രപ്രവർത്തകരും പോലീസുമായി ഉണ്ടാകുന്ന സംഘട്ടനങ്ങൾ

63 [5207] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:
,, രാജു എബ്രഹാം:
,, കെ. കെ. ജയചന്ദ്രൻ:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly